ട്രെയിനിംഗ് നൽകി വരുന്നുണ്ട്.

(ബി) ഇപ്പോൾ ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുന്ന ബാച്ചുകളുടെ ബറ്റാലിയൻ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

എസ്.എ.പി.	-	225 ദിവസം
എം.എസ്.പി.	-	180 "
കെ.എ.പി.ഒന്ന്	-	168 "
കെ.എ.പി.രണ്ട്	-	178 "
കെ.എ.പി. മൂന്ന്	-	171 "
കെ.എ.പി.നാല്	-	171 "
എസ്.ആർ.എ.എഫ്	-	156 "

(സി)&(ഡി) ചില പ്രത്യേക സാഹചര്യങ്ങളിൽ നിയമ സമാധാന റഗുലർ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനായി അപൂർവ്വ സന്ദർഭങ്ങളിൽ ട്രെയിനിംഗ് പൂർത്തിയാക്കാത്തവരെ നിയോഗിച്ചിട്ടുണ്ട്.

(ഇ) ടി.എ./ഡി.എ. അർഹതയുള്ള ഡ്യൂട്ടിക്ക് ഇവരെ നിയോഗിക്കുമ്പോൾ അവ നൽകാറുണ്ട്.

(എഫ്)-(കെ) റിക്രൂട്ട് ട്രെയിനികളെ റഗുലർ ഡ്യൂട്ടിക്ക് നിയോഗിക്കാറില്ല. നിയമസമാധാന ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവരെ സഹായിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ട്രെയിനികളിൽ 3 പേർക്ക് നിസ്സാര പരിക്കു പറ്റിയിട്ടുണ്ട്.

സിനിമാ ഷൂട്ടിങ്ങിന് പോലീസിന് നൽകുന്ന പ്രതിഫലം

95(1579) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനെ സിനിമാഭിനയത്തിന് വിട്ടുകൊടുക്കാറുണ്ടോ; ഉണ്ടെങ്കിൽ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) സിനിമയിൽ അഭിനയിക്കുന്ന വിവിധ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക് എന്തു നിരക്കിൽ പ്രതിഫലം ലഭിക്കും; ഇതിൽ സർക്കാരിനു ലഭിക്കുന്ന വിഹിതം എത്ര;

(സി) സിനിമാ ഷൂട്ടിംഗിന് സംസ്ഥാന പോലീസിന്റെ വാഹനങ്ങളും കെട്ടിടങ്ങളും ആയുധങ്ങളും നൽകുന്നതിനീടാക്കുന്ന തുക എത്രയെന്ന് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13.7.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 1374/99/ഫിൻ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള നിരക്കുകൾ സിനിമാ നിർമ്മാതാക്കൾ ട്രഷറിയിൽ അടയ്ക്കുകയും പ്രസ്തുത ഉത്തരവിലെ നിരക്കുകൾ അനുവദിച്ചുകൊള്ളാമെന്ന് കാണിച്ച് രേഖാമൂലം അപേക്ഷ നൽകുകയും ചെയ്യുമ്പോൾ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

സേനയുടെ സേവനം സിനിമാ നിർമ്മാണത്തിന് വിട്ടുകൊടുക്കാറുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സിനിമയിൽ അഭിനയിക്കുന്ന വിവിധ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക് നിർമ്മാതാക്കളിൽ നിന്നും ഈടാക്കുന്ന പ്രതിഫലവും ഇതിൽ സർക്കാരിനു ലഭിക്കുന്ന വിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവിൽ ഉണ്ട്.

(സി) സിനിമാ ഷൂട്ടിംഗിന് സംസ്ഥാന പോലീസിന്റെ വാഹനങ്ങളും കെട്ടിടങ്ങളും ആയുധങ്ങളും നൽകുന്നതിന് ഈടാക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള സർക്കാർ ഉത്തരവിൽ ഉണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന ചിത്രങ്ങളിൽ അഭിനയിക്കുന്നതിന് പോലീസ് സേനയെ വിട്ടുകൊടുക്കുകയും സംസ്ഥാന പോലീസിന്റെ വാഹനങ്ങളും മറ്റു ഉപകരണങ്ങളും കെട്ടിടങ്ങളും നൽകുകയും ചെയ്തു.

1. രക്തസാക്ഷികൾ സിന്ദാബാദ്
2. ക്രൈം ഫയൽ
3. ക്രൈം
4. എഴുപുന്ന തരകൻ
5. കണ്ണൂർ
6. സിദ്ധാർത്ഥ
7. ഹർത്താൽ
8. പോലീസ് കോടതി

(ഇ) പ്രസ്തുത കാലയളവിൽ ഈ ഇനത്തിൽ 1,11,090/- രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(എഫ്) സിനിമാ ചിത്രീകരണവുമായി ബന്ധപ്പെട്ട് പോലീസിനെ വിട്ടുകൊടുക്കുന്നതിന് ഈടാക്കുന്ന തുക 13.7.99-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.1574/99/ൽ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

മാളയിൽ പുതിയ പോലീസ് സ്റ്റേഷൻ

96(1580) ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം സ്ഥലത്താണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) മാള നിയോജക മണ്ഡലത്തിൽ കോണത്തുകുന്ന് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പുതിയ പോലീസ് സ്റ്റേഷനുകൾ എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly